"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തൃശ്ശൂർ കോർപ്പറേഷൻ വട്ടക്കര-അരണാട്ടുകര റോഡ്, ബി.എം. & ബി.സി. റോഡ് നിർമ്മാണത്തിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

സ.ഉ.(സാധാ) നം.1238/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 01/07/2021

---

പരാമർശം:- തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 22.02.2021-ലെ ഡിബി7/3206/2021/സിഇ/തസ്വഭവ നമ്പർ കത്ത്.

<u>ഉത്തരവ്</u>

തൃശ്ശൂർ നിയോജക മണ്ഡലത്തിലെ തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ വട്ടക്കര അരണാട്ടുകര റോഡ് ബി.എം. & ബി.സി. ഉപയോഗിച്ച് ടാറിംഗ് ചെയ്യുന്നതിന് 2021-22 സാമ്പത്തിക വർഷത്തേക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II -ൽ ക്രമ നമ്പർ 1409 പ്രകാരം എസ്റ്റിമേറ്റ് തുകയായ 250 ലക്ഷം രൂപയുടെ 20% തുകയായ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിനെയാണ് പദ്ധതി നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത്. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റും അനുബന്ധ രേഖകളും, ഭരണാനുമതി ലഭ്യമാക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശത്തിലെ കത്തിലൂടെ സമർപ്പിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ നിയോജക മണ്ഡലത്തിൽ തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ "തൃശ്ശൂർ കോർപ്പറേഷൻ വട്ടക്കര-അരണാട്ടുകര റോഡ്, ബി.എം. & ബി.സി.റോഡ് നിർമ്മാണം" എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി പ്രവൃത്തിക്ക് ആവശ്യമായ ചെലവ് '4217-60-051-94 (NP)' എന്ന ശീർഷകത്തിൽ നിന്ന് വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയശ്രീ എം
ഡെപ്യൂട്ടിസെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി.എസ്.എസ്.എ) / (ഇ.ആർ.എസ്.എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

File No.LSGD-DC3/170/2021-LSGD

പകർപ്പ് :

ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (അർബൻ) യുടെ പി.എ.

തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.